# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 29**

---

## ഉന്നത വിദ്യാഭ്യാസ കരിക്കുലം പരിഷ്കരണം; മന്ത്രി ഡോ. ആർ. ബിന്ദു ഇന്ന് അക്കാദമിക് സമൂഹത്തെ കാണും

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കരിക്കുലം പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ വകുപ്പ് മന്ത്രി നേരിട്ട് അക്കാദമിക് സമൂഹത്തോട് വിശദീകരിക്കുന്ന പരിപാടിക്ക് ഇന്ന് കോട്ടയത്ത് തുടക്കമാകും. ഇത്തരത്തിലുള്ള സംസ്ഥാനത്തെ ആദ്യ യോഗം ഇന്ന്(ജൂൺ 30) ഉച്ചകഴിഞ്ഞ് രണ്ടിന് കോട്ടയം ബി.സി.എം കോളജിൽ നടക്കും.

ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു മഹാത്മാ ഗാന്ധി സർവകലാശാലയിലെ അക്കാദമിക് സമൂഹത്തിനു മുന്നിൽ കരിക്കുലം ഫ്രെയിം വർക്കിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കും.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, സർവകലാശാലയിലെ സിൻഡിക്കേറ്റ്, സെനറ്റ്, അക്കാദമിക് കൗൺസിൽ, പഠന ബോർഡ് അംഗങ്ങൾ, അഫിലിയേറ്റഡ് കോളജുകളുടെ പ്രിൻസിപ്പൽമാർ തുടങ്ങിയവർ നേരിട്ടും അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകർ ഓൺലൈനിലും പങ്കെടുക്കും.

2009-10ൽ നടത്തിയ ക്രെഡിറ്റ് ആൻറ് സെമസ്റ്റർ സംവിധാനത്തിനു ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റമാണ് കരിക്കുലം പരിഷ്കരണത്തിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ നിയോഗിച്ച കമ്മിറ്റി വിശദമായ കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇതാദ്യമായാണ് സമഗ്രമായ ഒരു പൊതു കരിക്കുലം ഫ്രെയിം വർക്ക് രൂപീകരിച്ചത്.

പുതിയ കരിക്കുലം അനുസരിച്ചുള്ള നാലു വർഷ ബിരുദ പ്രോഗ്രാം 2024-25 അക്കാദമിക് വർഷത്തോടെ പൂർണ തോതിൽ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം സർവകലാശാലാ കാമ്പസുകളിലെ തിരഞ്ഞെടുത്ത പ്രോഗ്രാമുകളിൽ ഈ പരിഷ്കരണം നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

ഘടനയിലും ഉള്ളടക്കത്തിലുമുള്ള സമൂല പരിഷ്കരണത്തിന് അക്കാദമിക് സമൂഹത്തിന്റെ പൂർണ പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് എല്ലാ സർവകലാശാലകളിലെയും അക്കാദമിക് സമൂഹത്തോട് വകുപ്പ് മന്ത്രി നേരിട്ട്

കരിക്കുലം ഫ്രെയിം വർക്കിനെക്കുറിച്ച് വിശദീകരിക്കുന്നത്.

വിദ്യാർഥികൾക്ക് അറിവ് സമ്പാദിക്കാനും അത് ക്രിയാത്മകമായി പ്രയോഗിക്കാനും സഹായകമാകുന്ന ഫൗണ്ടേഷൻ കോഴ്സുകൾ, വിവിധ വൈജ്ഞാനിക മേഖലകളിൽ ആഴത്തിലുള്ള അറിവു വളർത്തുന്നതിന് ഉപകരിക്കുന്ന ഫ്ളെക്സിബിൾ പാത്ത് വേ കോഴ്സുകൾ, അറിവുകളുടെ പ്രോയോഗിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പുതിയ അറിവുകളിലേക്ക് എത്തുന്നതിനും ഉതകുന്ന ക്യാപ്സ്റ്റോൺ കോഴ്സുകൾ എന്നിങ്ങനെ മൂന്നു തലത്തിലുള്ള കോഴ്സുകൾ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ പുതിയ ബിരുദ കരിക്കുലത്തിന്റെ പൊതു ഘടന.

വിദ്യാർഥികൾക്ക് അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലയിൽ പരിശീലനവും പ്രവൃത്തിപരിചയവും നേടുന്നതിന് ഉപകരിക്കുന്ന പദ്ധതികളും കരിക്കുലത്തിന്റെ ഭാഗമാകും. പുതിയ സംവിധാനത്തിൽ ഓരോ വിദ്യാർഥിക്കും ഇഷ്ടമുള്ള രീതിയിൽ ഡിഗ്രി പഠനം മുന്നോട്ടു കൊണ്ടുപോകാനാകും. പഠനത്തിനാവശ്യമായ കോഴ്സുകൾ നിർദേശിക്കുകമാത്രമാണ് സർവകലാശാലകൾ പ്രധാനമായും ചെയ്യേണ്ടത്.
(പി.ആർ.ഒ/39/726/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**